**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1806** **15.07.2016-ൽ മറുപടിയ്ക്ക്**

# പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലും ഗ്രാന്റ് വിതരണവും


**ചോദ്യം**
**ശ്രീ.എസ്.രാജേന്ദ്രൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**


| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികജാതി വകുപ്പ്/പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നിലവിലുണ്ട്. ഇതിൽ 64 എണ്ണം ആൺകുട്ടികൾക്കായും 44 എണ്ണം പെൺകുട്ടികൾക്കായും 1 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായും പ്രവർത്തിക്കുന്നു. പ്രീമെട്രിക് ഹോസ്റ്റലുകളുടെ മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പ് സാമ്പത്തിക വർഷത്തിൽ "2225-02-277-52 Improving facilities in ST Hostels (Plan) എന്ന ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11,83,383/-രൂപ 11.07.2016 വരെ ചെലവഴിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മുഴുവൻ ഹോസ്റ്റലുകളും നവീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഊർജ്ജിതമായ നടപടിയാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ